LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയും വീടും ഇല്ലാത്ത പട്ടികവർഗ്ഗക്കാർ

243 (628) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ കേരളത്തിലുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനുള്ള തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) വീടില്ലാത്ത എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾ കേരളത്തിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) ഭൂരഹിതരായ 9208 കുടുംബങ്ങൾ കേരളത്തിലുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി "ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം പദ്ധതി" റ്റി.ആർ.ഡി.എം. മുഖേന ഭൂമി വാങ്ങി നൽകൽ പദ്ധതി, വനാവകാശ നിയമം, റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതി, കെ.എസ്.റ്റി. ആക്ട് പ്രകാരം ഭൂമി നൽകുന്ന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30197 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് അനുബന്ധമായി* കൊടുത്തിരിക്കുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണ ഗ്രാന്റ് തുക 3,50,000 രൂപയായി 14-05-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 36/2015/ പജപവവിവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് 2014-15 ൽ ശേഖരിച്ച സ്ഥിതി വിവിരക്കണക്കുകൾ പ്രകാരം 30308 ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ കേരളത്തിൽ ഉണ്ട്. ഇവരിൽ 24335 കുടുംബങ്ങൾക്ക് ഭവനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 5973 കുടുംബങ്ങൾക്കും പുതിയ കുടുംബങ്ങൾക്കും ഭവനങ്ങൾ നൽകേണ്ടതുണ്ട്. 30308 ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്